# 2025 - 26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## LP Section

## അക്കാദമിക പ്ലാൻ - Short Term - Malayalam

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം – കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 months<br>Aug-Sept | പുസ്തകങ്ങൾ<br>C.D | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>IED<br>Trainer<br>P.T.A |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാര-<br>നാക്കുക<br>(വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 months | ക്ലാസ് ലൈബ്രറി | BRC |
| | | 2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | | DIET |
| | | 3. സ്കൂൾ ലൈബ്രറി നവീകരിക്കൽ | | സ്കൂൾ ലൈബ്രറി | SCERT |
| | | 4. സമീപ ഗ്രന്ഥശാല അംഗത്വം | | ഗ്രന്ഥശാല | ഗ്രന്ഥശാല |
| | | 5. വായനോത്സവം സംഘടിപ്പിക്കൽ | | പത്രങ്ങൾ | P.T.A |
| | | 6. പത്രവായന | | | |
| | | 7. അമ്മ വായന | | ആനുകാലിക | |
| | | 8. പുസ്തകചർച്ച | | പ്രസിദ്ധീകര- | |
| | | 9. വായനാനുഭവം പങ്കുവയ്ക്കൽ | | ണങ്ങൾ | |
| | | 10. വായനാക്കുറിപ്പ് പതിപ്പ് | | വായനാമുറി | |
| | | 11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ | | | |
| | | 12. സ്കൂൾ സഭ, ബാലസഭ | | | |
| | | 13. ദിനാചരണങ്ങൾ | | | |
| | | 14. ആകാശവാണി ക്ലബ്ബ് | | | |
| | | 15. സാഹിത്യകാരന്മാരു-മായുള്ള അഭിമുഖം | | | |
| | | 16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | BRC |
| | | 17. ആസ്വാദകരമായ വായന | | | |
| | | 18. വായനാസാമഗ്രികൾ വികസിപ്പിക്കൽ | | | |
| | | 19. ഇ-വായന | | ഇന്റർനെറ്റ് | |
| | | 20. പുസ്തകം ഒരുക്കൽ (UP വായന | | കമ്പ്യൂട്ടർ | |
| | | 21. വായനക്കൂട്ടം-മോണിറ്ററിംഗ് | | | |
| | | 22. കാവ്യക്കൂട്ടം | | | |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | 6 months | ലൈബ്രറി | BRC<br>DIET<br>SCERT<br>P.T.A |
| | | 8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം | | പുസ്തകങ്ങൾ | |
| | | 16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | Auditorium | ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ പുസ്തകങ്ങൾ | BRC<br>ജനപ്രതിനിധി<br>P.T.A<br>Teachers |

# Project - Malayalam

## ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. 2017-18 അധ്യയന വർഷം മൈലക്കാട് UPS BRC-യുടെയും DIETന്റെയും SCERTയുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1. മലയാളത്തിളക്കം (Pre-test) 02-06-17
   പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി.
2. അക്ഷരം ഉറപ്പിക്കൽ (1 month)
   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. അടയാളങ്ങൾ ഉറപ്പിക്കൽ
   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. <u>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. <u>ചിത്രം - അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. <u>കഥ - ബാക്കി പറയൽ - എഴുതൽ</u>

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു

7. <u>കഥാപുസ്തകം - നൽകൽ</u>

വായന, കുറിപ്പ് തയ്യാറാക്കൽ

8. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം.

9. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. <u>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ</u>

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. <u>സ്കൂൾ ലൈബ്രറി നവീകരണം</u>

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

13. <u>സമീപ ഗ്രന്ഥശാല അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം. (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. <u>പത്രവായന</u>

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. <u>അമ്മ വായന</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല

17. **പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. **ക്ലാസ്, സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. **ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. **ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. **സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം**

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. **വായനാസാമഗ്രികൾ വികസിപ്പിക്കൽ**

UP കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.

26. **ഇ-വായന - സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ.

27. **വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

28. <u>കാവ്യകൂട്ടം</u>

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRCയുടെ സഹായത്തോടെ)

29. <u>എഴുത്തുകൂട്ട രൂപീകരണം</u>

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. <u>സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം</u>

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. <u>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ</u>

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

32. <u>ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്</u>

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

33. <u>വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ</u>

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ – പതിപ്പ് – പ്രകാശനം.

34. <u>പൊതുവേദിയിലെ പ്രകടനങ്ങൾ</u>

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

35. <u>വ്യക്തിഗത രചന, സംഘരചന</u>

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

36. <u>ഭാഷാ പ്രോജക്ടുകൾ</u>

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. <u>രചയിതാക്കളെ പരിചയപ്പെടൽ</u>

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് എസ്.കെ.പൊറ്റക്കാട്.

38. <u>ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

39. <u>സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി</u>

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

STD : 2

# ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം<br><br>അറിവു നിർമ്മാണം | * അക്ഷരപ്പാട്ടുകൾ പാടുന്നു.<br>* അക്ഷര ചിത്രങ്ങളിലൂടെ അക്ഷരങ്ങൾ പരിചയപ്പെടുന്നു<br>* അഭിനയത്തിലൂടെയും ഭാവങ്ങളെയും പാട്ടുകളും കഥകളും കേൾക്കുന്നതിനും അഭിനയിക്കുന്നതിനും അവസരം നൽകുന്നു.<br>* പല തരം നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>* അമ്മമാർ കളികൾ അവതരിപ്പിക്കുന്നു. | ജൂൺ |

| | | |
|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക | * സചിത്ര നോട്ട്ബുക്ക്, സചിത്ര അനുസൃതം, എന്നിവ തയ്യാറാക്ക<br>* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക | ജൂൺ |
| രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ | * ചിത്ര കാർഡുകൾ, വായനാ-കാർഡുകൾ നിർമ്മാണ ശില്പ-ശാല<br>* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ | |
| ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു. | * സംയുക്ത ഡയറി എഴുതാൻ സഹായം നൽകൽ | ജൂലൈ |
| സർഗ്ഗശേഷികൾ വികസിക്കുന്നു. | * കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ | |

| | | |
|---|---|---|
| സ്വന്തമായി കഥകളും പാട്ടുകളും കേൾക്കുന്നതിനും പറയുന്നതിനും പ്രാപ്തരാകുന്നു. | * രക്ഷിതാക്കളുടെ സഹായത്തോടെ കഥകളും പാട്ടുകളും വായിച്ച് കേട്ട് 'വായനോത്സവം' നടത്തുന്നു.<br>* ഭാഷാ ക്ലബ്ബി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>* കഥ കേട്ട് ചിത്രം വരയ്ക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ |
| അക്ഷരങ്ങൾ വായിക്കാനും അവയുടെ ഘടന മനസ്സിലാക്കി എഴുതാനും പ്രാപ്തി നേടുന്നു. | * അക്ഷരത്തിൽ നിന്ന് വാക്കുകളിലേക്ക് എഴുത്തിനെ വളർത്തുന്നു.<br>* പരിചിതാക്ഷരങ്ങൾ വരുന്ന ലഘുവാക്യങ്ങൾ , പദങ്ങൾ എന്നിവ ഓർക്കാനും സഹായത്തോടെയും വായിക്കാൻ തുടങ്ങുന്നു | ഒക്ടോബർ |

| | | |
|---|---|---|
| * ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായത്തോടെ ചെറു കഥകൾ കവിതകൾ വായിക്കുന്നു. | * വായനാമൂല. ക്ലാസ് ലൈബ്രറി ഒരുക്കൽ | |
| | * പുസ്തകങ്ങൾ പരിചയപ്പെടാനും നിരന്തരം എടുത്തു നോക്കാനുള്ള അവസരം ഒരുക്കുന്നു | |
| * ചിത്ര വായന നടത്തി ആശയം പങ്കിടുന്നു | * അക്ഷര ചാർട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തി ഉച്ചരിക്കുന്നു | |
| | * ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വായിച്ച ശേഷം പറയാനും അവസരം ഒരുക്കുന്നു | |
| * വിവിധ സാഹചര്യങ്ങൾ വായനാ ശൈലികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടിയെ ആകർഷിക്കുന്നു. | * ടീച്ചേഴ്സ് വീഡിയോ നിർമ്മാണ ശില്പശാല പദ്ധതി | ഓഗസ്റ്റ് |

| | | |
|---|---|---|
| * എല്ലാ കുട്ടികളെയും വായനയ്ക്കും എഴുത്തിനും സ്വയം പ്രാപ്തരാക്കുന്നു.<br><br>* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. | * ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.<br>* സംയുക്ത ഡയറി എഴുത്ത് നടത്തുന്നു<br>* രചനോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.<br>* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br><br>* അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. | ക്ലാസ്സ്. |

| | | |
|---|---|---|
| ഓരോ ദിവസത്തിനും പ്രത്യേകതകൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. | * ദിനാചരണങ്ങൾ നടത്തി ആ ദിവസത്തിന്റെ പ്രാധാന്യം പറഞ്ഞു ബോധ്യപ്പെടുത്തുന്നു. | |
| അഭിനയ സാധ്യത വർധിക്കുന്നു. | * റോൾ പ്ലേ, സംഭാഷണം, സ്കിറ്റ് എന്നിവയിലൂടെ പാഠഭാഗങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുന്നു. | നവംബർ ഡിസംബർ |
| | * രചനോത്സവം നടത്തുന്നു - ചിത്രങ്ങൾ നൽകി കഥകൾ ഉണ്ടാക്കാൻ | |
| നിരീക്ഷണ പാടവം വർധിക്കുന്നു. | * നിരീക്ഷണത്തിലൂടെ പക്ഷികളെയും ചെടികളെയും മരങ്ങളെയും പ്രകൃതിയെയും അടുത്തറിയാവുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ - മാർച്ച് |

# ENGLISH

STD 1

| | | |
|---|---|---|
| * Providing opportunities to listen to the English language extensively<br><br>* Respond to simple instructions in the classroom. | * picture reading<br><br>* Rhymes<br><br>* colours, Names of vehicles<br><br>* Small words<br><br>* Listen more stories in English<br><br>* Introduce symbol words<br><br>* provides picture cards. | June<br><br>June |

| | | |
|---|---|---|
| * Describe orally about the pictures and objects<br><br>* familiarise with simple words. | * Identity familiar words<br><br>* Say familiar words<br><br>* Read familiar words<br><br>* write familiar words | July |
| * Enjoy songs and sings them with Rythm and action | * Enjoy songs and sings them with Rhythms and action<br><br>* Describes orally about pictures and objects using adjectives. | August. |

| | | |
|---|---|---|
| * Respond to Simple instructions in the classroom. | * text book activities.<br>* prepare reading cards.<br>* provide more opportunities to read, write and Speak English | November. |
| * Describe the Simple pictures | * Write five English words daily | |
| * Identify the familiar words in the sentences. | * Read and understand Simple instructions in the classroom<br>* Encourage digital reading. | December |

| | | |
|---|---|---|
| * Read and write simple words<br><br>* describe orally about the pictures and objects.<br><br>* familiarise with simple words<br><br>* make riddles | * Read and write simple words and simple sentences<br><br>* provides picture cards and reading cards.<br><br>* Introduce ~~symbol~~ simple. picture descriptions<br><br>* make word chain, sentence chain<br><br>* Make riddles<br><br>* Describing words, rhyming words. | September<br><br>october |

| | | |
|---|---|---|
| * familiarise with Simple words<br>* Enjoy Songs and Sings them with Rhythm and action<br>* familiarise the names of birds, animals. their young ones and identities them from pictures. | * Enjoy Songs and Sings them with Rythm and action<br>* Make picture albums<br>* Collect picture of animals and its young ones.<br>* provide the opportunity to express myself in the classroom<br>* English Assembly once in a week<br>* Speaks English fluently<br>* Read and write simple Sentences<br>* picture reading and picture description | January<br>February<br>March |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | * ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരം തിരിക്കുകയും ചെയ്യുക.<br>* ചിത്രങ്ങൾക്ക് നിറം കൊടുത്ത് ചിത്ര പാറ്റേണുകൾ പൂർത്തിയാക്കുകയും ചെയ്യുക.<br>* ചുറ്റുപാടും നിരീക്ഷിച്ച് വസ്തുക്കളുടെ സ്ഥലം, സ്ഥാനം എന്നിവ കണ്ടെത്തുന്നു. ആകൃതി, വലിപ്പം എന്നിവ താരതമ്യം ചെയ്യുന്നു. | ജൂൺ |

| | | |
|---|---|---|
| * ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു. | * സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു<br>* സംഖ്യാ കാർഡ് നിർമ്മിക്കൽ | ജൂൺ |
| * അമ്പതു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>* ഒറ്റ സംഖ്യകൾ എണ്ണി പറയുന്നു. എഴുതുന്നു. വായിക്കുന്നു | * ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതത്തിന് തയ്യാറാകുന്നു.<br>* സംഖ്യാ കാർഡ് തയ്യാറാകുന്നു.<br>* ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. | ജൂലൈ |
| * അമ്പതു വരെയുള്ള എണ്ണത്തെ തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | * കൂടുതൽ, കുറവ്, തിരിച്ചറിയുന്നു<br>* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഓഗസ്റ്റ് |

| | | |
|---|---|---|
| * സംഖ്യകളുടെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു.<br><br>* രണ്ട് ഒറ്റ അക്ക സംഖ്യകളുടെ സങ്കലനം | * സംഖ്യാ ഗാനങ്ങൾ ആസ്വദിക്കാൻ<br><br>* ഒറ്റ അക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്താൻ<br><br>* ഒറ്റ അക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്താൻ<br><br>* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്<br><br>* സംഖ്യാ ഗാനങ്ങൾ ആലപിക്കാൻ | സെപ്റ്റംബർ |
| * ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു | * ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയാൻ | ഒക്ടോബർ |

| | | |
|---|---|---|
| * സംഖ്യകളുടെ വ്യാഖ്യാനം<br><br>* സംഖ്യകളുടെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു | * 1 മുതൽ 5 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.<br><br>* ചെറുത്, വലുത് കണ്ടെത്തുന്നു<br><br>* കൂട്ടങ്ങളിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ പഠിക്കുന്നു.<br><br>* ഗണിത പാട്ടുകൾ പാടുന്നു.<br><br>* 0-9 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.<br><br>* കൂടുതൽ, കുറവ് കണ്ടെത്തുന്നു | ജൂൺ ജൂലൈ ഓഗസ്റ്റ്<br><br>ഓഗസ്റ്റ് സെപ്തംബർ |

| | | |
|---|---|---|
| * ഒരക്ക സംഖ്യ വായിക്കാൻ രൂപീകരിക്കാൻ<br><br>* രണ്ട് അക്ക സംഖ്യകളുടെ വ്യവകലനം<br><br>* ഒരക്ക സംഖ്യകളുടെ വ്യത്യാസം. | * അക്കപ്പാട്ടുകൾ പാടി പറയുന്നു.<br><br>* കളികളിലൂടെ ഗണിത ക്രിയകൾ പഠിക്കുന്നു<br><br>* കൂട്ടാനും കുറയ്ക്കാനും പഠിക്കുന്നു<br><br>* ജ്യാമിതീയ രൂപങ്ങളുടെ നിർമാണം.<br><br>* ഗണിത മാഗസിൻ<br><br>* ജോടിയിട്ട സംഖ്യകളാണ് ഒറ്റസംഖ്യ. ഇരട്ട സംഖ്യ. എന്ന് തിരിച്ചറിവ്<br><br>* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br><br>* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ | ഒക്ടോബർ<br><br>ജൂൺ - മാർച്ച്<br><br>ഒക്ടോബർ |

| | | |
|---|---|---|
| * സംഖ്യാ പാട്ട് | * സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു | |
| | * ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | നവംബർ |
| * സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്ന | * സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.<br>* ഗണിത ആൽബം തയ്യാറാക്കൽ. | ഡിസംബർ |
| * ഒരക്ക സംഖ്യാ പാട്ടുകൾ ആസ്വദിക്കൽ. | * ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം.<br>* സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | ജനുവരി |
| | * ഗണിത ആൽബം പ്രദർശിപ്പിക്കാൻ | ഫെബ്രുവരി. |

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

❋❋❋❋❋

❋പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

❋കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

❋❋❋❋❋❋❋❋❋

◆ രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

❋ജൂൺ❋

◆ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

◆ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.◆ വായനാ സാമഗ്രികൾ നിർമിക്കൽ

◆ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

❋ജൂലൈ❋

◆ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

◆ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

◆ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

◆ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

◆ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

◆ വീട്ടു ലൈബ്രറി ഒരുക്കൽ

◆ ചിത്ര വിവരണം

◆ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

◆ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

◆ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

◆ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

◆ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

❧❧❧❧

❧എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

❧കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

✿✿✿

♣ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

♣ ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

♣ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

♣ വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

♣ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

♣♣♣♣♣♣♣♣♣♣

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ്

അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

♣പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

- 1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ (പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction
Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു.<br>• പ്രകൃതി നടത്തം.<br>• വിത്ത് മുളപ്പിക്കൽ.<br>• വ്യത്യസ്ത തരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം.<br>• പോസ്റ്റർ നിർമ്മാണം. | ടെക്സ്റ്റ്. ബുക്ക്. [illegible] |
| ജൂലൈ | • വ്യത്യസ്ത തരം ജീവികളെ നിരീക്ഷിക്കൽ, ചിത്ര ശേഖരണം.<br>• മണ്ണ് നിരീക്ഷണം.<br>• ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം.<br>• ശലഭങ്ങൾ വരുന്ന ചെടികൾ നടൽ. | |
| ഓഗസ്റ്റ് | • ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം.<br>• കിണർ സന്ദർശനം.<br>• മണ്ണ് നിരീക്ഷണം. " | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ- സംവിധാനം |
|---|---|---|
| | • ബ്ലോക്ക് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ.<br>• വ്യത്യസ്ത പരീക്ഷണങ്ങൾ<br>• കോലങ്ങളുപയോഗം കളിപ്പാട്ടങ്ങൾ | |
| ഒക്ടോബർ | • ഗുണിതം പോസ്റ്റർ നിർമ്മാണം<br>• അളവുകൾ ബോധ്യപ്പെടുത്താൻ ക്വിസ്<br>• അളവ് പ്രവർത്തനങ്ങൾ.<br>• ഗുണിത പട്ടിക സംഖ്യകൾ ചേർത്ത് നിർമ്മാണം. | |
| നവംബർ | • പിക്ചർ ടെസ്റ്റ്<br>• ഫുഡ് ഫെസ്റ്റിവൽ<br>• വിവിധ ഭക്ഷണശീലങ്ങൾ പോസ്റ്റർ<br>• ഭക്ഷണശീലങ്ങൾ - ചാർട്ട് | |
| ഡിസംബർ | • ക്രിസ്മസ് ഗാനം ആലാപനം<br>• ചാർട്ട് ഷീറ്റ് ബോക്സ് നിർമ്മാണം - കളിപ്പാട്ടങ്ങൾ<br>• ബുക്ക് ഡിസൈൻ പത്രത്തിൽ ചർച്ച | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ-സംവിധാനം |
|---|---|---|
| ഡിസംബർ | • പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനം, ഗ്ലോബ് ICT<br>• ദേശീയ പതാക വരയ്ക്കൽ<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• കൂട്ട വായന<br>• എന്റെ കേരളം - ചിത്രരചന<br>• ചോദ്യോത്തരപ്പയറ്റ്<br>• ഭൂപടത്തിൽ തിരിച്ചറിയൽ | |
| ജനുവരി-ഫെബ്രുവരി | • ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>• വ്യത്യസ്ത വീടുകൾ - ആൽബം<br>• വീട് നിർമ്മാണരീതി - പ്രദർശനം<br>• വ്യത്യസ്ത തരം ജോലികൾ<br>• പൊതുസ്ഥാപനം - സന്ദർശനം | SRG, PTA |
| മാർച്ച് | പഠനോത്സവം | |

Subject :- മലയാളം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ - ജൂലൈ | • പ്രീടെസ്റ്റ്<br>• വായനാ സാമഗ്രികൾ വിതരണം.<br>• വായനാമൂല - ക്ലാസ് തലം<br>• ഭാഷാ ഗെയിമുകൾ നടത്തൽ<br>• അക്ഷര ബോക്സ്<br>• കഥ പറയൽ<br>• ICT ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ<br>• ചിത്ര വായന<br>• കടങ്കഥകൾ, പഴഞ്ചൊല്ല് - ശേഖരണം<br>• ചിത്രങ്ങൾ കണ്ട് വാക്കുകൾ, വാക്യങ്ങൾ ഉണ്ടാക്കൽ<br>• ചിത്ര വിവരണം. | |
| ഓഗസ്റ്റ് - സെപ്റ്റംബർ | • സൃഷ്ടിപരമായ എഴുത്തും ~~വായന~~ സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.<br>• കഥാപുസ്തകങ്ങൾ നൽകി വായനാശേഷി കൂട്ടുക<br>• പുതിയപദങ്ങൾ കണ്ടെത്തി എഴുതുക. | |

| | |
|---|---|
| | • പാഠപുസ്തക പ്രവർത്തനങ്ങൾ<br>• ചിത്ര വിവരണം.<br>• ചോദ്യ നിർമ്മാണം<br>• ചോദ്യോത്തരപ്പയറ്റ്<br>• വരികൾ എഴുതുക |
| ഒക്ടോബർ- നവംബർ | • ലൈബ്രറി പുസ്തകങ്ങൾ വായിക്കുക<br>• കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ |
| ഡിസംബർ - ജനുവരി | |

Subject : English

| Month | Activities |
| --- | --- |
| June - July | • pre test<br>• Develop reading skills - making class library<br>• Games, Action songs<br>• Conversations<br>• Skit<br>• use ICT<br>• identify the naming words from picture<br>• make simple sentences using words<br>• making simple description about the picture<br>• picture reading - story writting<br>• self introduction |
| August and September | • Books reading<br>• Find new words<br>• Find rhyming words<br>• TB activities |

| month | Activities |
| --- | --- |
|  | • word web<br>• picture description<br>• make riddles<br>• conversations<br>• Add more lines |
| october-November | • Express thoughts feelings etc<br>• Library book reading<br>• Conversations, skit, stories, use ICT<br>• Read notice<br>• Develop story<br>• Description<br>• Thoughts. |
| December-January | • Conversation<br>• Skit<br>• Develop story<br>• Reads dairy<br>• Dairy<br>• Announcement |

| | | |
|---|---|---|
| February-march | • Library books reading<br>• Conversations<br>• Skit, Stories<br>• Develop Stories<br>• Descriptions<br>• Dairy<br>• Thoughts<br>• Exibitions. | |

Class : III
Subject : maths

| മാസം | പ്രവർത്തനങ്ങൾ | ചിന്തനാ സംവിധാനം |
|---|---|---|
| ജൂൺ - ജൂലൈ | • ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ - രേഖപ്പെടുത്തൽ<br>• തോരണം നിർമ്മാണം, തോരണ നിർമ്മാണ<br>• ജ്യാമിതീയ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കൽ | |
| ജൂലൈ - ആഗസ്റ്റ് | • 1 മുതൽ 100 വരെ എഴുതിയ ടോക്കൺ<br>• കളിനോട്ടുകൾ<br>• ഓരോ കൂടിലും 10 എണ്ണം വീതം കവറുകെട്ടുകൾ<br>• സംഖ്യാ സ്ട്രിപ്പുകൾ<br>• അബാക്കസ് നിർമ്മാണം | |
| ആഗസ്റ്റ് - സെപ്റ്റംബർ | • പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം. | |
| ഒക്ടോബർ | • ത്രാസ് നിർമ്മാണം<br>• കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം അളക്കൽ | |
| നവംബർ - ഡിസംബർ | • ഗുണനവസ്തുത കാർഡ് നിർമ്മാണം. | |

# Academic Master Plan

# EVS - IV

പ്രകൃതി നടത്തം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • നിരീക്ഷണം<br>• അറിവു നിർമ്മാണം | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | • ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| • ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA<br>SSK |
| ദിനപത്രമൊരുക്കാം. | | | | |
| • കേരളം, ഇന്ത്യ ദിനപത്ര വായന.<br>• സൂചിക പരിചയപ്പെടൽ<br>• പ്രാധാന്യങ്ങൾ കണ്ടെത്തൽ | • ദിനപത്ര വായന<br>• ദിനപത്ര നിർമ്മാണം<br>• സൂചിക നിർമ്മാണം. | സർവ്വത്രിലൊന്ന് | SRG<br>ക്ലാസ്സ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ. | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തൽ | ആവശ്യമായ സാധനം | SRG. ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക. | | | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര രചനകളുടെ നിർമ്മാണം | വർണ്ണക്കടലാസ്. | H.M. SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം. | | | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം ഇവയുടെ ഉൽപാദനം | വർണ്ണക്കടലാസ് [illegible] | HM SRG ക്ലാസ് ടീച്ചർ | |
| ശാസ്ത്രയാത്ര. | | | | |
| • ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ • അന്വേഷണ ത്വര വളർത്തൽ | സയൻസ് പാർക്ക്, ശാസ്ത്രജ്ഞന്മാരുടെ ജന്മസ്ഥലങ്ങളും, ചരിത്ര സ്മാരകങ്ങളും സന്ദർശിക്കൽ, [illegible] ബന്ധപ്പെട്ടയിടങ്ങൾ സന്ദർശിക്കൽ, ശാസ്ത്ര മേഖലകൾ ഉൾപ്പെടുത്തൽ | • ആവശ്യമായ സാധനം | HM SRG. CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |

# Academic Master Plan

# English

Std:- IV

| learning Objectives | Activities | Activity Details | Duration |
| --- | --- | --- | --- |
| • Describes the Pictures | Picture Description. | • The teacher Shows a picture<br>• Discussion<br>• The children talk about the picture.<br>**Slow learners**<br>Gives oppourtunity to express their ideas in Malayalam. | June to August. |
| • Arranges word in alphabetical order | Dictionary | • introducing the dictionary<br>• Gives words<br>• Arranging words in alphabetical Order. | July to March. |
| • "Adds more exchanges to the conversation Suitable to the context" | Conversation | • Reading the conversation<br>• Conversation is acting with friends.<br>• Adds more exchanges to the conversation **Slow learners** | |

A

| | | | |
|---|---|---|---|
| | | Gives opportunity to express their idea in Malayalam ~~or English~~. | July to March. |
| • Identifies rhyming words from the poem | Rhyming words | • plays the audio ~~of~~ of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words | July to September. |
| • Adds lines to a poem following a set pattern. | Add more lines | • plays the audio of song<br>• Let the learner sing after the audio<br>• Adds lines to the poem | July to December. |
| • Reads and understands the given stories and poems. | Let's read | • Provides the ~~oppour~~ opportunity to read simple stories and poems<br>• They tell the story they read<br>• Make Picture Story Cards. | December to March. |
| • Makes simple riddles | Riddles | • Gives children the opportunity to hear and answer simple riddles<br>• Make simple riddles. Slow learners<br>• Gives opportunity to express their ideas in Malayalam. | August to March. |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
